നിക്ഷേപ പരാതി പരിഹാര വിഭാഗം

ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റ്-ന് എതിരേയുള്ള അന്യായം/ പരാതി സമർപ്പിക്കാനായി, നിങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന മാർഗ്ഗങ്ങളിൽ ഏതെങ്കിലും തിരഞ്ഞെടുക്കാം.

- **ശാഖ**: നിങ്ങൾക്ക് ഏത് ശാഖയിലെയും ബ്രാഞ്ച് മാനേജരെ/സർവ്വീസ് മാനേജരെ/ബ്രാഞ്ച് ഓപ്പറേഷൻ മാനേജരെ സന്ദർശിക്കുകയും നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.
- **ഉപഭോക്തൃ സമ്പർക്ക കേന്ദ്രം** : നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനായി നിങ്ങൾക്ക് ഞങ്ങളുടെ 24-മണിക്കൂർ സമ്പർക്ക നമ്പറായ 1860 266 2666-ൽ (പ്രാദേശിക കോൾ നിരക്കുകൾ ബാധകമാണ്) വിളിക്കാവുന്നതാണ്.
- **ഇ-മെയിൽ**: ഞങ്ങളുടെ വെബ്സൈറ്റിൽ കസ്റ്റമർ സർവ്വീസ് വിഭാഗത്തിന് കീഴിൽ, ''ഞങ്ങൾക്ക് ഇ-മെയിൽ അയയ്ക്കുക'' എന്നത് തിരഞ്ഞെടുത്തു കൊണ്ട് നിങ്ങൾക്ക് ഞങ്ങൾക്ക് ഒരു ഇ-മെയിൽ അയയ്ക്കാവുന്നതും നിങ്ങളുടെ പരാതി രേഖപ്പെടുത്താവുന്നതുമാണ്.
- **കത്ത്**: കൊട്ടക് മഹീന്ദ്ര ബാങ്ക് ലി., പി. ഒ. ബോക്സ്: 16344, മുംബൈ - 400013 എന്ന വിലാസത്തിൽ ഞങ്ങൾക്ക് കത്ത് അയയ്ക്കാവുന്നതാണ്.
- **വെബ്സൈറ്റ്**: ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കുകയും ''എന്റെ മെയിൽ ബോക്സ്'' എന്ന വിഭാഗത്തിലേക്ക് പോയി നിങ്ങളുടെ പരാതി നിങ്ങൾക്ക് രജിസ്റ്റർ ചെയ്യുകയും ചെയ്യാവുന്നതാണ്.
- **നെറ്റ്ബാങ്കിംഗ്**: നിങ്ങൾ നെറ്റ്ബാങ്കിംഗ് സേവനങ്ങൾക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങൾക്ക് നെറ്റ്ബാങ്കിംഗിലേക്ക് ലോഗിൻ ചെയ്യാം, നിങ്ങളുടെ പ്രൊഫൈൽ ഓപ്ഷന് കീഴിൽ ഇൻബോക്സ് ടാബി പോയി നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യാവുന്നതാണ്.

- നിങ്ങൾ പരാതി സമർപ്പിച്ച മാദ്ധ്യമങ്ങളിലൊന്നിലൂടെയും 10 ദിവസങ്ങൾക്കുള്ളിൽ ഞങ്ങളിൽ നിന്ന് നിങ്ങൾക്ക് ഏതെങ്കിലും വിധത്തിലുള്ള പ്രതികരണം ലഭിച്ചില്ലെങ്കിലോ അവയിൽ നിന്ന് നിങ്ങൾക്ക് ലഭിച്ച പ്രതികരണം തൃപ്തികരമല്ലെങ്കിലോ, നിങ്ങളുടെ അന്യായം **കോംപ്ലയൻസ് ഓഫീസറുടെ/ നോഡൽ ഓഫീസർ കൊട്ടക്ക് മഹീന്ദ്ര ബാങ്കിന്റെ** ഉദ്യോഗസ്ഥന് സമർപ്പിക്കാവുന്നതാണ്. സമ്പർക്ക വിവരങ്ങൾ താഴെച്ചേർക്കുന്നു:

കോംപ്ലയൻസ് ഓഫീസർ : **ശ്രീ. പങ്കജ് മിശ്ര്**
(വൈസ് പ്രസിഡന്റ്)

മേൽവിലാസം : കൊട്ടക് മഹീന്ദ്ര ബാങ്ക്
27 ബികെസി, 6-ാം നില, പ്ലോട്ട് നമ്പർ. സി. 27,
''ജി'' ബ്ലോക്ക്, ബാന്ദ്രാ-കുർളാ കോംപ്ലക്സ്,
ഈസ്റ്റ്, മുംബൈ - 400 051

ടെലിഫോൺ നമ്പർ : +91 22 61661675
(തിങ്കൾ മുതൽ വെള്ളി വരെ - രാവിലെ
10 മുതൽ വൈകുന്നേരം 6 വരെ)

ഇ-മെയിൽ : nodalofficer@kotak.com

നോഡൽ ഓഫീസർ : **ശ്രീമതി എം. രാജു**
(സീനിയർ വൈസ് പ്രസിഡന്റ്)

മേൽവിലാസം : കൊട്ടക് മഹീന്ദ്രാ ബാങ്ക്
കൊട്ടക് ഇൻഫിനിറ്റി, 4 നില, സോൺ 4,
ബിൽഡിംഗ് നമ്പർ 21, ഇൻഫിനിറ്റി പാർക്ക്,
വെസ്റ്റൺ എക്സ്പ്രസ് ഹൈവേയ്ക്ക് സമീപം,
ജനറൽ എകെ വൈദ്യാ മാർഗ്, മലാഡ് (ഈസ്റ്റ്),
മുംബൈ - 400 097

ഇ-മെയിൽ : nodalofficer@kotak.com

- 10 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ കോംപ്ലയൻസ് ഓഫീസറുടെ പക്കൽ നിന്ന് നിങ്ങൾക്ക് ഏതെങ്കിലും വിധത്തിലുള്ള പ്രതികരണം ലഭിക്കുന്നില്ലായെങ്കിലോ നിങ്ങൾക്ക് ലഭിച്ച പ്രതികരണം തൃപ്തികരമല്ലെങ്കിലോ, നിങ്ങളുടെ അന്യായം ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റിന്റെ ജോയിന്റ് മാനേജിംഗ് ഡയറക്ടറുടെ പക്കൽ നിങ്ങൾക്ക് സമർപ്പിക്കാവുന്നതാണ്. സമ്പർക്ക വിവരങ്ങൾ താഴെച്ചേർക്കുന്നു:

പേര് : **ശ്രീ. ദീപക് ഗുപ്ത**
മേൽവിലാസം : കൊട്ടക് മഹീന്ദ്ര ബാങ്ക്
27 ബികെസി, 9ാം നില, പ്ലോട്ട് നമ്പർ. സി. 27, ''ജി'' ബ്ലോക്ക്,
ബാന്ദ്രാ-കുർളാ കോംപ്ലക്സ്, ബാന്ദ്രാ ഈസ്റ്റ്,
മുംബൈ - 400 051
ടെലിഫോൺ നമ്പർ : +91 22 61660950
ഇ-മെയിൽ : Jmd.Dg@kotak.com

- നിങ്ങളുടെ പരാതി സമർപ്പിച്ച് കഴിഞ്ഞതിന് ഒരു മാസത്തിനുള്ളിൽ ഡിപ്പോസിറ്ററി പാർട്ടിസിപ്പന്റിന്റെ തലത്തിൽ പരാതി പരിഹൃതമായില്ലെങ്കിലോ നിങ്ങൾക്ക് ലഭിച്ച പ്രതികരണം തൃപ്തികരമല്ലെങ്കിലോ, നിങ്ങൾക്ക് ബന്ധപ്പെട്ട ഡിപ്പോസിറ്ററിയെ താഴെപ്പറയുന്ന വിധത്തിൽ ബന്ധപ്പെടാവുന്നതാണ്:

	വെബ് വിലാസം	സമ്പർക്ക നമ്പർ	ഇമെയിൽ-ഐഡി
എൻഎസ്ഡിഎൽ	www.nsdl.co.in	1800 222 990 (തിങ്കൾ മുതൽ വെള്ളി)	relations@nsdl.co.in
സിഡിഎസ്എൽ	www.cdslindia.com	1800 225 533 (തിങ്കൾ മുതൽ വെള്ളി)	complaints@cdslindia.com

നിങ്ങളുടെ അന്യായം എസ്ഇബിഐ-യുടെ പക്കലും http://scores.gov.in എന്ന സൈറ്റിലും സമർപ്പിക്കാവുന്നതാണ്.

ഏതെങ്കിലും അന്വേഷണങ്ങള്ക്കോ പ്രതികരണം അറിയിക്കുന്നതിനോ മറ്റേതെങ്കിലും സഹായത്തിനായോ, ദയവായി എസ്ഇബിഐ ഓഫീസുമായി അല്ലെങ്കിൽ ടോൾ ഫ്രീ ഹെൽപ്പ്ലൈൻ നമ്പറുകളിൽ 1800 22 7575 / 1800 266 7575-ൽ ബന്ധപ്പെടുക.

KMBL / Nov – 2021 / V 1.05